സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ

109 [668] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) തൽഫലമായി സബ് രജിസ്ട്രാർ ആഫീസുകളുടെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ ഫലമായി രജിസ്ട്രേഷൻ ഇനത്തിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചുവെന്നും അതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെയുള്ള 308 സബ് രജിസ്ട്രാർ ഓഫീസുകളിൽ 178-ൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ട്. 90 ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പുരോഗമിച്ചുവരുന്നു. ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായുള്ള സേവന പ്രദാന പദ്ധതിയുടെ കീഴിൽ 68 സബ് രജിസ്ട്രാർ ഓഫീസുകളുടെ സ്ഥാപനതല പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. സേവന പ്രദാന പദ്ധതിയുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസുകൾ പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഓഫീസുകൾക്ക് ആവശ്യമായ സ്ഥലം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും അധികമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഫോട്ടോ കോപ്പിയർ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളെപ്പറ്റി സിറ്റിസൺ ചാർട്ടർ രൂപീകരണം, മെച്ചപ്പെട്ട ജോലി സാഹചര്യം എന്നിവ ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി) ഇതുവരെ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞ ഓഫീസുകളിൽനിന്നും ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്ന കാര്യത്തിൽ കാര്യക്ഷമത വളരെയധികം വർദ്ധിച്ചിട്ടുണ്ട്. സേവന പ്രദാന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ പൂർണ്ണമാകുമ്പോൾ ഓഫീസുകളുടെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുന്നതാണ്.

(സി) ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾമൂലം രജിസ്ട്രേഷൻ ഇനത്തിലെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവില്ല.

(ഡി) ആകെ 308 ഓഫീസുകളുള്ളതിൽ 174 എണ്ണം കമ്പ്യൂട്ടർവൽക്കരിച്ചു. ഈ ഓഫീസുകളിൽ അപേക്ഷിക്കുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ അതേ ദിവസമോ തൊട്ടടുത്ത ദിവസമോ ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly